ഉത്തരം

(എ) രണ്ടു ഫാക്ടറികളിലുംകൂടി ഓരോ വർഷവും ഉൽപ്പാദിപ്പിച്ച വെളിച്ചെണ്ണയുടെ കണക്ക്

	1979-80	353.3 മെട്രിക് ടൺ
	1980-81	1515.9 ,,
	1981-82	3127.8 ,,
	1982-83	5321.2 ,,
	1983-84	3866.8 ,,
	1984-85	4606 ,,
	1985-86	9050 ,,
(ബി)	1985-86	7128 മെട്രിക് ടൺ
	1986-87	2030 ,,

(സി) ഉണ്ട്.

(ഡി) 12 മില്ലുകളാണ് എടുത്തിരുന്നു. അവ താഴെ പറയുന്നവയാണ്.

1. സ്റ്റാർ ഓയിൽമിൽസ്, പൂവ്വാർ
2. സൗത്ത് ഇൻഡ്യൻ ഓയിൽമിൽസ്, ആലപ്പുഴ
3. ജെ. ഓയിൽമിൽസ്, വൈക്കം
4. നാഷണൽ ഓയിൽമിൽസ്, വെങ്ങോല
5. സീനീ ഓയിൽമിൽസ്, എറിയാട്
6. തളിയത്ത് ഓയിൽമിൽസ്, ഇരിങ്ങാലക്കുട
7. ജയ്ഹിന്ദ് ഓയിൽമിൽസ്, അരൂർ
8. പാറക്കൽ ഓയിൽമിൽസ്, ഗോതുരുത്ത്
9. കെ. സി. തോമസ് ആൻറ് കമ്പനി, തൊടുപുഴ
10. കൃഷ്ണൻ ആൻഡ് സൺസ്, കോഴിക്കോട്
11. എം.ബി.എം. മിൽസ്, കോഴിക്കോട്
12. അസോസിയേറ്റഡ്, കോക്കനട്ട് പ്രോസസിംഗ് കോംപ്ലക്സ്, കുമ്പളങ്ങി.

(ഇ) വാടക അടിസ്ഥാനത്തിലല്ല മില്ലുകൾ എടുത്തിരുന്നത്. 45 രൂപ 1 ക്വിൻറൽ കൊപ്ര ആട്ടുന്നതിന് കൂലി നിശ്ചയിച്ചാണ് മില്ലുകൾ എടുത്തിരുന്നത്.

(എഫ്) 1985-86-ൽ നാളികേര വികസന കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. താൽക്കാലിക കണക്കുകളനുസരിച്ച് 14.2 ലക്ഷം രൂപയാണ് നഷ്ടം.

അടയ്ക്കാ കൃഷി

621 [841] ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, ഇ. റ്റി. മുഹമ്മദ് ബഷീർ :
,, പി. കെ. കെ. ബാവ :
,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഹെക്ടർ പ്രദേശത്ത് അടയ്ക്കാ കൃഷി ചെയ്യുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടയ്ക്കായുടെ പ്രതിവർഷ ഉല്പാദനം എത്ര ;

(സി) വില ഇടിവുകാരണം ബുദ്ധിമുട്ടനുഭവിക്കുന്ന അടയ്ക്കാ കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെൻറ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1984-85 വർഷത്തിൽ 59090 ഹെക്ടർ സ്ഥലത്ത് അടയ്ക്കാ കൃഷി ചെയ്തു.

(ബി) 1984-85 വർഷത്തിൽ 8589 ദശലക്ഷം അടയ്ക്കാ ഉല്പാദിപ്പിച്ചു.

(സി) ഇല്ല.

ഒറ്റശ്രേഖരമംഗലത്തേയും ചെമ്പൂരിലേയും കൃഷിവകുപ്പിന്റെ കെട്ടിടങ്ങൾ

622 [842] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റശേഖരമംഗലത്ത് ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒറ്റശേഖരമംഗലത്തെ കൃഷിവികസന ആഫീസിന് പ്രതിവർഷം കൊടുത്തു വരുന്ന വാടക എത്ര ?

ഉത്തരം

പ്രതിമാസം 326 രൂപാ നിരക്കിൽ 3,912 രൂപ പ്രതിവർഷം വാടക കൊടുക്കുന്നുണ്ട്.

തൃശ്ശൂരിലെ കോൾ കർഷകർക്കും കുട്ടനാട്ടിലെ കായൽ കൃഷിക്കാർക്കും കൊടുത്തുതീരുവാനുള്ള കുടിശ്ശിക

623 [843] ശ്രീ. കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പിംഗ് സബ്സിഡി ഇനത്തിൽ തൃശ്ശൂരിലെ കോൾ കർഷകർക്കും കുട്ടനാട്ടിലെ കായൽ കൃഷിക്കാർക്കും 1984-85, 1985-86 വർഷങ്ങളിൽ കൊടുത്തു തീർക്കാൻ കുടിശ്ശികയായിട്ടുള്ള സംഖ്യ എത്ര ;

(ബി) അത് കൊടുത്തു തീർക്കാൻ 1986-87-ലെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 232 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ബി) 165 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കൂടുതൽ സംഖ്യ ലഭിക്കാനായി നടപടികളെടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly